## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3877 — 21/06/2018-ൽ മറുപടിക്ക്

### കെ.എസ്.ഇ.ബി.സെക്ഷൻ ഓഫീസുകളുടെ പുന:ക്രമീകരണം

| | ചോദ്യം<br><br>ശ്രീ.സി.കൃഷ്ണൻ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇരുപതിനായിരത്തിൽ കൂടുതൽ ഉപഭോക്താക്കൾ ഉള്ള കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്ന നയം പരിഗണനയിൽ ഉണ്ടോ; | (എ) | ഇല്ല |
| (ബി) | ഇല്ലെങ്കിൽ ഉപഭോക്താക്കൾ കൂടുതൽ ഉള്ള സെക്ഷനുകളിൽ നിന്ന് ഉപഭോക്താക്കൾ കുറവുള്ള സെക്ഷനുകളിലേക്ക് മാറ്റി പുന:ക്രമീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ബി) | സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്രകിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.<br>പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതിക വിദ്യകൾ കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനും വേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ